ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി ഒരു ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. അധികമായി വേണ്ടി വരുന്ന തുക, "മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്" എന്ന പുതിയ ശീർഷകത്തിൽ നിന്നാ വഭ്യമാക്കുന്നതാണ്.

(ബി) 29-7-2015-ന് ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് കേന്ദ്രാനുമതിക്കായി അപേക്ഷിക്കാൻ തീരുമാനിച്ചത്. 12-8-2015-നാണ് കേന്ദ്രാനുമതിക്കായി വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചത്. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നാ മറുപടി ലഭിച്ചിട്ടില്ല.

പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡ്

383 (1468) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും ;

(ബി) പാപ്പിനിശ്ശേരി ഗേറ്റ് പൂർണ്ണമായി അടച്ചിടുമ്പോൾ ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം പരിഗണിച്ച് നിർമ്മാണ പ്രവൃത്തി പരമാവധി വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) താവം, പാപ്പിനിശ്ശേരി മേൽപ്പാലങ്ങളുടെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) പാപ്പിനിശ്ശേരി-പിലാത്തറ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നാൽപ്പത് ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി പരമാവധി വേഗത്തിലാക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെയും താവം, പാപ്പിനിശ്ശേരി മേൽപ്പാലങ്ങളുടെയും നിർമ്മാണം 2016 ജൂണിന് പൂർത്തീകരിക്കുവാനാണ് വ്യവസ്ഥപ്പെടുത്തിയിരിക്കുന്നത്.

നെടുമ്പുക്കാട്-വിളക്കുമരം പാലത്തിന്റെ നിർമ്മാണം

384 (1469) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല-അരൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമ്പുക്കാട്-വിളക്കുമരം പാലത്തിന്റെ നിർമ്മാണം തടസ്സപ്പെട്ടിട്ട് എത്രകാലമായെന്നു പറയാമോ ; ഇതിന്റെ നിർമ്മാണം പുനരാരംഭിക്കുവാൻ ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly